**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2353**
**18.12.2012 -ലെ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ടും കെട്ടിട നിർമ്മാണ വിഭാഗവും**

ചോദ്യം
**ശ്രീ.. ബി.ഡി. ദേവസ്സി**

ഉത്തരം
**ശ്രീ. കെ.എം.മാണി**
( ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| ( എ ) | ആസ്തി വികസന ഫണ്ടിൽ നിന്നും ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി സമർപ്പിച്ച നിർമ്മാണ പ്രവർത്തനങ്ങളിൽ കെട്ടിട നിർമ്മാണ വിഭാഗത്തിൽപ്പെട്ടവയ്ക്ക് ഇനിയും ഭരണാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാർഗ്ഗരേഖ 2 (iii) പ്രകാരം പ്രവൃത്തികൾക്കുള്ള അനുമതി നൽകേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പ് ആണ്. സ്കൂൾ കെട്ടിടങ്ങളെ സംബന്ധിച്ച് പൊതുമരാമത്ത് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പൊതു വിദ്യാഭ്യാസ വകുപ്പു വഴിയാണ് അനുമതിയ്ക്കായി ധനവകുപ്പിൽ എത്തേണ്ടത്. ഇതുപ്രകാരം, ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി സമർപ്പിച്ച രണ്ട് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടേയും വിശദമായ എസ്റ്റിമേറ്റ് സഹിതമുള്ള ഫയലുകൾ ബന്ധപ്പെട്ട ഭരണ വകുപ്പു വഴി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| ( ബി ) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | ബന്ധപ്പെട്ട ഭരണ വകുപ്പിൽ നിന്നും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് സഹിതം ലഭിക്കുന്ന നിർദ്ദേശത്തിൻ മേൽ അടിയന്തിരമായ തീരുമാനം / നടപടികൾ കൈക്കൊള്ളുന്നതാണ് . |

(signature)
സെക്ഷൻ ഓഫീസർ